"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്ലോക്കുപഞ്ചായത്തുകളിൽ IAY പദ്ധതിയ്ക്കായി ലഭിച്ച വിഹിതത്തിൽ മിച്ചമുള്ള തുക ഈ വർഷം PMAY(ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

---

സ.ഉ.(സാധാ) നം.1531/2022/LSGD തീയതി,തിരുവനന്തപുരം, 25-06-2022

---

പരാമർശം:- 1. 11.01.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം

2. 02.06.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 3.5 നമ്പർ തീരുമാനം.

**ഉത്തരവ്**

ബ്ലോക്കു പഞ്ചായത്തുകളിൽ IAY പദ്ധതിയ്ക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ 126.70 കോടി രൂപ ബാക്കിയുണ്ട്. ഈ തുക PMAY (ഗ്രാമീൺ) പദ്ധതിക്കായി വിനിയോഗിക്കാൻ പരാമർശം (1) പ്രകാരം കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വിഹിതം 2021-22-ൽ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയം 02.06.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും മിച്ചമുള്ള തുക ഈ വർഷം PMAY (ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ ബ്ലോക്കു പഞ്ചായത്തുകളിൽ IAY പദ്ധതിയ്ക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക ഈ വർഷം PMAY (ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ രണ്ടു തരത്തിലുമുള്ള ലക്ഷ്യം പൂർത്തീകരിച്ചതിനുശേഷമേ മറ്റു വീടുകളുടെ നിർമ്മാണം/അറ്റകുറ്റപ്പണി എന്നിവക്കായി ഈ തുക ഉപയോഗിക്കാവൂ എന്നും നിർദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ (മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
വെബ്&ന്യൂമീഡിയ (ഐ & പിആർഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.വ (ഡിഎ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 27-06-2022 10:47:33**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി